ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കു വടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതിന്റെ അലൈൻമെന്റ് ഉൾപ്പെടെ മറ്റ് വിശദാംശങ്ങളൊന്നും തീരുമാനമായിട്ടില്ല.

(ഡി) ലഭിച്ചു. ലീ അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന അന്തർദ്ദേശീയ കൺസൾട്ടൻസി സ്ഥാപനമാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

എക്സ്പ്രസ് ഹൈവേക്കുവേണ്ടി ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ചെലവ്

50 (3609) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ബലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേക്കു വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുമ്പോൾ എത്ര കുടുംബങ്ങൾക്ക് തൽഫലമായി വീടും സ്ഥലവും നഷ്ടപ്പെടും എന്ന് വെളിപ്പെടുത്തുമോ ;

(ബി) വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ കുടിയിരുത്തുവാനുള്ള നടപടികൾ എന്ന് ആരംഭിക്കും എന്ന് അറിയിക്കുമോ ;

(സി) അതിനുവേണ്ടി എന്തു തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതു നടപ്പാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങളൊന്നും തീരുമാനമായിട്ടില്ല.

സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനുവേണ്ടി ലഭിച്ച കേന്ദ്ര സഹായം

51 (3610) ശ്രീ. വി. ബലറാം :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തുതുക കിട്ടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വീണ്ടും മുപ്പതു കോടി രൂപ കൂടി കേന്ദ്രം അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് ഏതെല്ലാം ഹൈവേകളുടെ വികസനത്തിന് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 2002-03-ൽ കേന്ദ്ര റോഡ് നിധിയിൽ നിന്നും സംസ്ഥാന റോഡുകൾക്കായി 18.75 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

ഹിൽഹൈവേയുടെ പ്രവർത്തനം സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ട്

52 (3611) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേയുടെ പ്രവർത്തനം സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ;

(ബി) ഹിൽ ഹൈവേ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഹിൽ ഹൈവേയുടെ റൂട്ട് അന്തിമമായി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട ഹിൽ ഹൈവേ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തെപ്പറ്റി നാറ്റ്പാക്ക് സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) 1-3-1997-ലെ സർക്കാർ ഉത്തരവ് (സാധ) 282/97 പൊ.വ. അനുബന്ധമായി വച്ചിരിക്കുന്നു*.

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

ടോൾ ഏർപ്പെടുത്തുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ

53 (3612) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ ഏർപ്പെടുത്തുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കിസ്ത് ഇനത്തിൽ സർക്കാരിന് 2001-2002, 2002-2003 വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുക എത്ര ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly